## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2361** **11/10/2011-ൽ മറുപടിക്ക്**

**ആൾട്ടർനേറ്റ് സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | വിദൂര വനമേഖലകളിലുള്ള അൾട്ടർനേറ്റ് സ്കൂളുകളിൽ പഠനം സുഗമമാക്കുന്നതിന് 2011-12 വർഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | ആൾട്ടർനേറ്റ് സ്കൂളുകളുടെ പ്രവർത്തനം 2011-12 അധ്യയന വർഷം തുടരാൻ 11.08.2011 ലെ സ.ഉ.(എം.എസ്) 173/2011/പൊ.വി ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | വനമേഖലയിലുള്ള ആൾട്ടർനേറ്റ് സ്കൂളുകളിൽ അദ്ധ്യാപകരുടെ അഭാവവും ഉച്ചക്കഞ്ഞി നൽകാത്തതും പഠനോപകരണങ്ങൾ നൽകാത്തതുമായ അവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & സി) | ഉണ്ട്. പരിശോധിച്ച് മേൽ നടപടിയെടുക്കുന്നതാണ്. |
| സി) | ആൾട്ടർനേറ്റ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലായെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | | |
| ഡി) | ആൾട്ടർനേറ്റ് സ്കൂളുകൾക്ക് എസ്.എസ്.എ. പദ്ധതിയനുസരിച്ച് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ഡി) | ആൾട്ടർനേറ്റ് സ്കൂളുകൾക്ക് എസ്.എസ്.എ. പദ്ധതി അനുസരിച്ച് ഇപ്പോൾ സഹായങ്ങൾ ഒന്നും നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ